**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5902** **09-07-2024 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി കരാറുകാർക്ക് നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബിയ്ക്ക് വേണ്ടി നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാർക്ക് നൽകാനുള്ള തുക അനുവദിച്ച് നൽകുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | കിഫ്‌ബി പദ്ധതികളുടെ നടത്തിപ്പ് ചുമതല ഭരണ വകുപ്പ് നിയോഗിക്കുന്ന പദ്ധതി നിർവഹണ ഏജൻസികൾക്കാണ്. കിഫ്‌ബിയുടെ ധനാനുമതി ലഭിച്ചതിനു ശേഷം പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് കരാറുകാരെ കണ്ടെത്തി അവരുമായി കരാറിലേർപ്പെട്ട് പദ്ധതികൾ സമയ ബന്ധിതമായും ഗുണനിലവാരത്തോടെയും പൂർത്തിയാക്കേണ്ടതിന്റെ പൂർണ ഉത്തരവാദിത്തം പദ്ധതി നിർവഹണ ഏജൻസികളിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പം തന്നെ പദ്ധതി നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കരാറുകാർ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി അവ പാസാക്കുന്ന ഉത്തരവിനോടൊപ്പം കിഫ്‌ബിയിൽ സമർപ്പിക്കേണ്ട ഉത്തരവാദിത്തവും പദ്ധതി നിർവഹണ ഏജൻസികൾക്കുണ്ട്. ഇപ്രകാരം കിഫ്‌ബിയുടെ ഓൺലൈൻ പോർട്ടലിൽ ലഭ്യമാകുന്ന ബില്ലുകൾ കിഫ്‌ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നത് ഉറപ്പു വരുത്തി പണം കരാറുകാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകുന്ന രീതിയാണ് കിഫ്‌ബി പിന്തുടരുന്നത്. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ മാർഗങ്ങൾ അവലംബിച്ചു നടപ്പാക്കി വരുന്നുണ്ട്. കൂടാതെ, കിഫ്‌ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകളുടെ തൽസ്ഥിതി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തലത്തിൽ ആഴ്ചകൾ തോറും വിലയിരുത്തുകയും യാതൊരു വിധത്തിലുള്ള കാലതാമസവും ഇക്കാര്യത്തിൽ ഉണ്ടാവുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കിഫ്‌ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകൾ പരിശോധിച്ച് അംഗീകാരം നൽകിയ ശേഷവും പണം നല്കാനാവാത്ത സാഹചര്യത്തിൽ മാത്രമേ അവ കുടിശ്ശികയായി കണക്കാക്കാനാവൂ. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് ചുമതല ഭരണ വകുപ്പ് നിയോഗിക്കുന്ന പദ്ധതി നിർവഹണ ഏജൻസികൾക്കാണ്. കിഫ്ബിയുടെ ധനാനുമതി ലഭിച്ചതിനു ശേഷം പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് കരാറുകാരെ കണ്ടെത്തി അവരുമായി കരാറിലേർപ്പെട്ട് പദ്ധതികൾ സമയ ബന്ധിതമായും ഗുണനിലവാരത്തോടെയും പൂർത്തിയാക്കേണ്ടതിന്റെ പൂർണ ഉത്തരവാദിത്തം പദ്ധതി നിർവഹണ ഏജൻസികളിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പം തന്നെ പദ്ധതി നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കരാറുകാർ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി അവ പാസാക്കുന്ന ഉത്തരവിനോടൊപ്പം കിഫ്ബിയിൽ സമർപ്പിക്കേണ്ട ഉത്തരവാദിത്തവും പദ്ധതി നിർവഹണ ഏജൻസികൾക്കുണ്ട്. ഇപ്രകാരം കിഫ്ബിയുടെ ഓൺലൈൻ പോർട്ടലിൽ ലഭ്യമാകുന്ന ബില്ലുകൾ കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നത് ഉറപ്പു വരുത്തി പണം കരാറുകാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകുന്ന രീതിയാണ് കിഫ്ബി പിന്തുടരുന്നത്. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ മാർഗങ്ങൾ അവലംബിച്ചു നടപ്പാക്കി വരുന്നുണ്ട്. കൂടാതെ, കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകളുടെ തൽസ്ഥിതി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തലത്തിൽ ആഴ്ചകൾ തോറും വിലയിരുത്തുകയും യാതൊരു വിധത്തിലുള്ള കാലതാമസവും ഇക്കാര്യത്തിൽ ഉണ്ടാവുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകൾ പരിശോധിച്ച് അംഗീകാരം നൽകിയ ശേഷവും പണം നല്കാനാവാത്ത സാഹചര്യത്തിൽ മാത്രമേ അവ കുടിശ്ശികയായി കണക്കാക്കാനാവൂ. |
| (സി) | കരാറുകാർക്ക് കുടിശ്ശിക വരുത്തിയത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്നും കുടിശ്ശിക തുക തീർത്തുനൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെ വിവേചന പൂർണമായ നടപടികളുടെ ഫലമായി സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിൽ യാതൊരു വിധ വിട്ടുവീഴ്ചയും സർക്കാർ വരുത്തിയിട്ടില്ല. നിർമാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പണം നൽകി വരുന്നുണ്ട്. കിഫ്ബി മുഖേന പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നാടിനുതകും വിധം എത്രയും വേഗം പൂർത്തിയാക്കുവാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |

സെക്ഷൻ ഓഫീസർ